**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **07-10-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | അഴീക്കൽ തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ സെന്ററിന്റെ നിർമ്മാണം, തൊഴിലാളികൾക്കിടയില്ലുള്ള റെസ്റ്റ് ഷെഡ് നിർമ്മാണം, വാർഫുകൾക്കിടയില്ലുള്ള ജെട്ടി നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു. കപ്പൽ ചാനലിലെ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിനും മെക്കാനിക്കൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖത്തെത്തുന്ന കപ്പലുകൾക്ക് ശുദ്ധജലവിതരണ ത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ശുദ്ധജലവിതരണത്തിനായി ജലം ശേഖരിക്കുന്നതിന് ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. നിലവിൽ കൊല്ലം തുറമുഖത്ത് ചരക്ക് കയറ്റിറക്കുമതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കാർഗോ/ പാസഞ്ചർ വാർഫുകൾ, കസ്റ്റംസ്, ഇ.ഡി.ഐ സംവിധാനം, താൽക്കാലിക ഇമിഗ്രേഷൻ സംവിധാനം, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ മേൽ ആവശ്യങ്ങൾക്കായി തുറമുഖത്ത് സജ്ജമാണ്. തുറമുഖത്ത് സ്ഥിരം ഇമിഗ്രേഷൻ സംവിധാനം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, ഇമിഗ്രേഷൻ ഓഫീസ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചുവരുന്നു. ടി പ്രവൃത്തിയോടനുബന്ധിച്ച് റിപ്പയർ യാർഡ്, Quality Control Laboratory, Material Handling Equipments തുടങ്ങിയവ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിലേക്കുള്ള നിർമ്മാണ / നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 1.29 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇവിടെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂരിൽ ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ